[ശ്രീ. പി. രവീന്ദ്രൻ]

രിക്കും സംശയം ഉണ്ടായിരിക്കുന്നതു്. കൗൺസിൽ തീരുമാനിക്കേണ്ടതു് ഏതെല്ലാമാണെന്നു പ്രത്യേകം തരംതിരിച്ചിട്ടുണ്ടു്. അതുകൊണ്ടു ഗവണ്മെൻറിലേക്കു റഫർ ചെയ്യുന്നതുമാറി അത്തരം സന്ദർഭം ഉണ്ടാകുമ്പോഴും ഡയറക്ഷൻ റഫർ ചെയ്യുന്നതായിരിക്കും നല്ലതു്. ഗവണ്മെൻറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഡയറക്ഷൻ നൽകുന്നതു നന്നായിരിക്കുമെന്നാണു് എൻറെ അഭിപ്രായം. അതുകൊണ്ടു് എൻറെ ഭേദഗതി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്.

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഈ ആക്ടിലെ പ്രൊവിഷൻ സംബന്ധിച്ചു നിയമപരമായി വ്യാഖ്യാനം വരുമ്പോഴും ഈമാതിരി അവകാശങ്ങളും ഗവണ്മെൻറിൽ നിക്ഷിപ്തമായിരിക്കുന്നതായിരിക്കും നല്ലതു്. അതു സ്വീകരിക്കുവാൻ നിവൃത്തിയില്ല.

Mr. Speaker : Mr. Ravindran, do you press your amendment No. 6.

Shri P. Ravindran : Yes. I press my amendment.

Amendment No. 6 moved by Shri P. Ravindran was put and lost.

Rule 7:

Shri P. Ravindran : Sir, I move amendment No. 7.

7. 'In rule 7, delete the word, 'members' and insert the word 'strength'.'

Shri K. A. Damodara Menon : Sir, I accept that amendment.

Amendment No. 7 moved by Shri P. Ravindran was put and carried.

The Kerala Municipalities (Private Water Supply for Non-domestic purposes) Rules, 1963 (Notification G. O. MS. 599/63/DD dated 8th July 1963.

Rule 3:

Mr. Speaker : Amendment No. 1 is by Shri K. Hassan Gani.

ശ്രീ. കെ. ഹസ്സൻഗനി : സർ, തീരപ്രദേശത്തു് കുടിക്കുവാൻപോലും വെള്ളം കിട്ടാത്ത അവസരമാണു് ഇപ്പോഴും. അപ്പോഴും 'നോൺ ഡൊമസ്റ്റിക്കു് പർപ്പസസിനു്' പതിനഞ്ചു ശതമാനം എന്നുള്ളതു പത്തു ശതമാനം ആക്കണമെന്നാണു് എൻറെ ഭേദഗതി.

1. 'In rule 3, delete '15%' and substitute '10%.'

ഇതാണു് ഭേദഗതി. അതു ഞാൻ അവതരിപ്പിക്കുകയാണു്. മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, എറണാകുളം തുടങ്ങിയ മുനിസിപ്പൽ ഏരിയാകളിൽ കുടിക്കുന്നതിനുപോലും വെള്ളം ലഭിക്കാതിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ പതിനഞ്ചു ശതമാനം നോൺ ഡൊമസ്റ്റിക്കു് പർപ്പസസിനുവേണ്ടി വെള്ളം കൊടുക്കണമെന്നു വച്ചിരിക്കുന്നതു് വളരെ അന്യായമാണു്. ഇപ്പോഴും കുടിക്കുന്നതിനു കൂടുതൽ ജലസൗകര്യം ലഭിക്കുന്നതിലേക്കായി ആ പ്രദേശങ്ങളിൽ കോടിക്കണക്കിനു രൂപാ ചെലവാക്കി പണികളും നടന്നുവരുന്നുണ്ടു്. അതു വരുമ്പോഴും ഈ പതിനഞ്ചു ശതമാനം വേണമെങ്കിൽ എടുത്തുകൊള്ളട്ടെ. ആ പദ്ധതി നടപ്പിലായിവരുന്ന കാലഘട്ടം വരെ ഈ പതിനഞ്ചു ശതമാനം എന്നുള്ളതു പത്തു ശതമാനം ആക്കുന്നതു നന്നായിരിക്കുമെന്നാണു് എൻറെ അഭിപ്രായം. ആ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ : ശ്രീമാൻ ഹസ്സൻഗനി അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുകയാണു്. ഈ കാര്യം ഗവണ്മെന്റു കാര്യമായി ആലോചിക്കണമെന്നു എനിക്കും അഭിപ്രായം ഉണ്ടു്. അദ്ദേഹം പറഞ്ഞതുപോലെ ഇന്നു മട്ടാഞ്ചേരി എറണാകുളം തുടങ്ങിയ പ്രദേശങ്ങളിൽ ജനങ്ങൾ കൂടിക്കഴിവാൻപോലും വെള്ളം കിട്ടാതെ വിഷമിക്കുന്ന ഒരു ദുരവസ്ഥ നിലവിലുണ്ടു്. ആ സ്ഥിതിക്കു് നോൺ ഡൊമസ്റ്റിക്കു് പർപ്പസസിനു വെള്ളം കൊടുക്കുന്നതിൽ അൽപ്പം നിയന്ത്രണം വയ്ക്കുന്നതിൽ വിരോധമില്ല. എന്നാൽ വെള്ളം അത്യാവശ്യം വേണ്ടിവരുന്ന ചില വ്യവസായങ്ങൾ ഉണ്ടു്. അങ്ങനെയുള്ള വ്യവസായങ്ങൾക്കു കൊടുക്കുന്ന വെള്ളത്തിന്റെ അളവു കുറച്ചാൽ അവർക്കു ബുദ്ധിമുട്ടു ഉണ്ടാകും. അങ്ങനെ ബുദ്ധിമുട്ടു ഉണ്ടാകാത്ത നിലക്കുടി കരുതി ഇതു വരുത്തണമെന്നാണു് എനിക്കു അഭിപ്രായമുള്ളതു്. ഇന്നു ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന മൽസ്യവ്യവസായം, ഐസ്പ്ലാന്റു ഈ വക കാര്യങ്ങൾക്കു ആവശ്യമായ വെള്ളം കൊടുക്കാതെ ഒക്കുകയില്ല. വെള്ളം കൊടുക്കുന്നതിൽ കുറവു വന്നാൽ അങ്ങനെയുള്ള വ്യവസായങ്ങളെ അതു ഗൗരവമായി ബാധിക്കുകയും ചെയ്യും. ആ മാതിരി വ്യവസായങ്ങൾക്കു കൊടുക്കുന്ന വെള്ളത്തിനു കുറവു വരുത്താതെ മറ്റു നോൺ ഡൊമസ്റ്റിക്കു് പർപ്പസസിനു് കൊടുക്കുന്നതിൽ ഒരു നിശ്ചിത ശതമാനം കുറവു വരുത്താവുന്നതാണു്. ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഇന്നു മട്ടാഞ്ചേരിയിലുള്ള ജനങ്ങൾക്കു എറണാകുളത്തു കിട്ടുന്ന അത്രയും വെള്ളം കിട്ടുന്നില്ല എന്നൊരു പരാതിയുണ്ടു്. എറണാകുളത്തുള്ള ജനസംഖ്യയും മട്ടാഞ്ചേരിയിലെ ജനസംഖ്യയും നോക്കിയാൽ താരതമ്യേന എറണാകുളത്തു കൂടുതൽ വെള്ളം കൊടുക്കുന്നുവെന്ന ആക്ഷേപം യഥാർത്ഥത്തിൽ ഉണ്ടു്. മട്ടാഞ്ചേരിയിലും എറണാകുളത്തുമുള്ള വ്യവസായത്തെപ്പറ്റിയല്ല ഞാൻ പറയുന്നതു്. എറണാകുളത്തു കുറച്ചു ഉദ്യോഗസ്ഥന്മാർ താമസിക്കുന്നു എന്നുള്ളതിന്റെ പേരിലാണു് അവിടെ കൂടുതൽ വെള്ളം കൊടുക്കുന്നതെന്നു തോന്നുന്നു. എറണാകുളം ഒരിക്കൽ കൊച്ചിൻ സ്റ്റേറ്റിന്റെ തലസ്ഥാനമായിരുന്നതുകൊണ്ടും അവിടെ കൂടുതൽ ഉദ്യോഗസ്ഥന്മാർ താമസിക്കുന്നു എന്നുള്ള കാരണംകൊണ്ടും കൂടുതൽ വെള്ളം അവിടെ കിട്ടുന്നുണ്ടു്. ഇന്നു എറണാകുളത്തും മട്ടാഞ്ചേരിയിലും ഉള്ള ജനസംഖ്യ ആകെ കണക്കിലെടുത്തുകൊണ്ടാണു് വെള്ളം കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്തിരിക്കുന്നതെങ്കിലും കൂടുതൽ വെള്ളം എറണാകുളത്തു കിട്ടുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണു്. മട്ടാഞ്ചേരി മുനിസിപ്പാലിറ്റി ആവക കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണു്. ആ കാര്യംകൂടി ഗവണ്മെന്റു പരിഗണിക്കുമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. പി. രവീന്ദ്രൻ : സർ, എന്റെ രണ്ടാമത്തേയും, മൂന്നാമത്തേയും ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു:—

2. In Rule 3, in the proviso, delete the words 'with the previous approval of the Director'.

3. In Rule 3, in the proviso, delete the words 'with the previous approval of the Director' and insert 'by the Municipal Council'.

വീട്ടാവശ്യത്തിനല്ലാതെ വെള്ളം കൊടുക്കേണ്ടിവരുമ്പോൾ പതിനഞ്ചു് ശതമാനം എന്നുള്ള പരിധിയിൽനിന്നും കടന്നുപോകുന്നതിനു് അനുവാദം കൊടുക്കുന്നുണ്ടു്. ഡൊമസ്റ്റിക്കു് കൺസംപ്ഷനു് ആവശ്യമുള്ള വെള്ളം ഉണ്ടെങ്കിൽ ഈ സീലിംഗ് എക്സീഡ് ചെയ്യാമെന്നും പറഞ്ഞിട്ടുണ്ടു്. അങ്ങനെ ചെയ്യണമെങ്കിൽ ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്നാണു് മുമ്പുള്ള പ്രൊവൈസോയിൽ പറഞ്ഞിട്ടുള്ളതു്. 'with the previous approval of the Director' എന്നുള്ളതു് എടുത്തുകളയണമെന്നാണു് എന്റെ ഒന്നാമത്തെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഞാൻ ഇതു പറയുന്നതിനു് രണ്ടു കാരണങ്ങളുണ്ടു്. ഒരു അഞ്ചു്, സബ്ഡിവിഷൻ രണ്ടിൽ വ്യാവസായികാവശ്യങ്ങൾക്കും, ഡൊമസ്റ്റിക്കല്ലാത്ത മറ്റു കാര്യങ്ങൾക്കുംവേണ്ടി ആരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

കിലും വെള്ളത്തിനു് അപേക്ഷിച്ചാൽ, ആ അപേക്ഷ ശരിയാണെന്നു് മുനിസിപ്പൽ കൗൺസിലിനു് ബോദ്ധ്യപ്പെട്ടാൽ അതു് മന്തിലി കോട്ടയായി അനുവദിക്കാമെന്നു് പറഞ്ഞിട്ടുണ്ടു്. അപ്പോഴും ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നു് പറഞ്ഞിട്ടില്ല. ഒരാൾ ഇങ്ങനെ അപേക്ഷിച്ചാൽ അതിനെപ്പറ്റി കമ്മീഷണർ അന്വേഷിക്കണം. വ്യാവസായികാവശ്യങ്ങൾക്കു വേണ്ടിയാണു് അനുവദിക്കുന്നതെങ്കിൽ ഇൻഡസ്ട്രീസു് ഓഫീസേഴ്സുമായി ആലോചിച്ചു തീരുമാനിക്കണമെന്നു പറഞ്ഞിട്ടുണ്ടു്. അങ്ങനെയാണെങ്കിൽ ഈ അപേക്ഷ മുനിസിപ്പൽ കമ്മീഷണർക്കു് അനുവദിക്കാമെന്നാണു് മൂലം അഞ്ചിൽ പറയുന്നതു്. അതിൽ പറയുന്നതു് The Municipal Council may if satisfied of the reasonableness of the request, sanction the application and fix a monthly quota of supply' എന്നാണു്. എന്നാൽ മൂലം മൂന്നിൽ പറയുന്നതു് ഡൊമസ്റ്റിക്കു് കൺസംപ്ഷനോ, നോൺ ഡൊമസ്റ്റിക്കു് കൺസംപ്ഷനോ വെള്ളം കൊടുക്കേണ്ടിവന്നാൽ ഡയറക്ടറുടെ പ്രീവിയസ് അപ്രൂവൽ വേണമെന്നാണു്. ഇങ്ങനെയൊരു നിയന്ത്രണം വയ്ക്കേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. വെള്ളം കുറെക്കൂടുതൽ അനുവദിക്കണമെങ്കിൽ അതിനുള്ള അധികാരം മുനിസിപ്പൽകൗൺസിലിനു തന്നെ കൊടുക്കേണ്ടതാണു്. ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി മാത്രമേ ഈ സീലിംഗ് എക്സീഡ് ചെയ്യാൻ പാടുള്ളുവെന്നു് വ്യവസ്ഥ ചെയ്യുന്നതു ശരിയല്ല, മുനിസിപ്പൽ കൗൺസിലിനുതന്നെ അതിന്റെ ഉത്തരവാദിത്വം കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. മറ്റു എന്തെങ്കിലും വേണമെന്നുണ്ടെങ്കിൽ ഇതിനകത്തു് **Provided that if there is sufficient supply of water for domestic consumption the ceiling may be exceeded,** എന്നുമാത്രം മതിയെന്നാണു് എന്റെ ഒന്നാമത്തെ ഭേദഗതി. അല്ലെങ്കിൽ 'by the Municipal Council' എന്നു ചേർക്കണമെന്നാണു് എന്റെ രണ്ടാമത്തെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. സീലിംഗ് എക്സീഡ് ചെയ്യുന്നതിനു് ഡയറക്ടറുടെ മുൻകൂട്ടിയുള്ള അംഗീകാരം വേണമെന്നുള്ള വ്യവസ്ഥ എടുത്തുകളയണം. അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം മുനിസിപ്പൽ കൗൺസിലിനുതന്നെ കൊടുക്കണം, അഞ്ചാമത്തെ റൂളിൽ രണ്ടാമത്തെ ഉപവകുപ്പിൽ അങ്ങനെ കൊടുത്തിട്ടുണ്ടു്. അതുതന്നെ ഇതിലും ചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

Shri D. Damodara Menon : Sir, I accept amendment No. 3 moved by Shri Ravindran, and amendment No. 1 moved by Shri K. Hassan Gani.

Amendment No. 1 moved by Shri K. Hassan Gani was put and carried. viz

In Rule 3, delete 15% and substitute 10%.

Mr. Speaker : Do you press amendment No. 2.

Shri P. Ravindran : No, Sir.

Amendment No. 2 moved by Shri P. Ravindran was, by leave withdrawn.

Amendment No. 3 moved by Shri P. Ravindran was put and carried.

viz : In Rule 3, in the proviso, for the words 'with the previous approval of the Director' the words 'by the Municipal Council' shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

Rule 6

ശ്രീ. പി. രവീന്ദ്രൻ : സർ, എന്റെ നാലാമത്തേയും, അഞ്ചാമത്തേയും ആറാമത്തേയും ഭേദഗതികളും അവതരിപ്പിച്ചുകൊള്ളുന്നു:—

4. In rule 6, delete the words 'with the prior approval of' and insert the words 'in consultation with'.

5. In rule 6, delete the words 'refuses to give approval' and insert the word 'disagrees'.

6. In rule 6, in the last sentence, delete the word 'Government' wherever it occurs and insert the word 'Director'.

രൂപം ആറിൽ കൊടുത്തിട്ടുള്ള ഭേദഗതികളാണു് ഇവ. പബ്ലിക്കു് ഹെൽത്തു് ഇൻജിനീയറിംഗു് ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും വാട്ടർസപ്ലൈസിൽനിന്നും വെള്ളം കൊടുക്കണമെന്നുണ്ടെങ്കിൽ, അതിനു് പബ്ലിക്കു് ഹെൽത്തു് ഇൻജിനീയറിംഗു് ഡിപ്പാർട്ടുമെന്റിലെ എക്സിക്യൂട്ടീവു് ഇൻജിനീയരുടെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. പബ്ലിക്കു് ഹെൽത്തു് ഇൻജിനീയറിംഗു് ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു വാട്ടർസപ്ലൈ സംക്കീമിൽനിന്നും വെള്ളം കൊടുക്കുമ്പോൾ എക്സിക്യൂട്ടീവു് ഇൻജിനീയറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്നു പറയുന്നതു് ശരിയായിരിക്കുകയില്ല. എക്സിക്യൂട്ടീവു് ഇൻജിനീയറുമായി ആലോചിച്ചുമാത്രമേ മുനിസിപ്പാലിറ്റിക്കു് വെള്ളം കൊടുക്കാവൂ എന്നു് വ്യവസ്ഥ ചെയ്യുന്നതു് കൗൺസിലിനോടുള്ള ബഹുമാനക്കുറവായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. അതുകൊണ്ടു് 'with the prior approval of' എന്നതിനെ മാറ്റിയിട്ടു് 'in consultation with' എന്നാക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്. എന്റെ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു് ഒരു ദോഷവും വരാനില്ല. മുനിസിപ്പാലിറ്റിക്കു് വെള്ളം കൊടുക്കണമെന്നുണ്ടെങ്കിൽ പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചാൽമാത്രം മതിയാകുന്നതാണു്.

എന്റെ അഞ്ചാമത്തെ ഭേദഗതി 'refuses to give approval' എന്നുള്ളതിനു പകരം, 'In cases where the Executive Engineer disagrees, the matter may be referred to Government.....' എന്നാക്കണമെന്നാണു്, 'റഫ്യൂസ്' ചെയ്യുകയെന്നു പറഞ്ഞാൽ വെള്ളം കൊടുക്കുന്നതിനെ സംബന്ധിച്ചു് എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്നല്ലാതെ യാതൊരു കാരണവശാലും വെള്ളം കൊടുക്കുകയില്ലെന്നു്, ഒരു എക്സിക്യൂട്ടീവു് ഇൻജിനീയറും പറയുമെന്നു തോന്നുന്നില്ല. അതുകൊണ്ടു്, 'In cases where the Executive Engineer refuses to give approval, the matter may be referred to Government .....' എന്നതിനു പകരം 'In cases where the Executive Engineer disagrees, the matter may be referred to Director' എന്നാക്കുന്നതു് നല്ലതാണെന്നാണു് എന്റെ അഭിപ്രായം. എന്തെങ്കിലും തർക്കമുണ്ടായാൽ ഗവണ്മെന്റിനു് റഫർ ചെയ്യണമെന്നുള്ളതിനു പകരം ഡയറക്ടർക്കു് റഫർ ചെയ്യണമെന്നാണു് എന്റെ ഭേദഗതി. ഈ ഭേദഗതികളും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഈ ഭേദഗതികളും സ്വീകരിക്കാൻ നിവൃത്തിയില്ലെന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. ശ്രീ. രവീന്ദ്രൻ ഈ റൂളിന്റെ ആദ്യഭാഗം ഒന്നു് വായിച്ചുനോക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഇതിൽ പറയുന്നതു് 'No supply of water under these rules from a Water Supply system controlled by the Public Health Engineering Department shall be made except with the prior approval of the Executive Engineer of the Public Health Engineering Department having jurisdiction over the area എന്നാണു്. എക്സിക്യൂട്ടീവു് ഇൻജി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

നിയമത്തെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണമെന്നു പറഞ്ഞിരിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. എന്തെങ്കിലും തർക്കമുണ്ടായാൽ അതു ഗവണ്മെന്റിലേക്കു് റഫർ ചെയ്യുന്നതാണു് നല്ലതു്. അതുകൊണ്ടു് ഈ ഭേദഗതികളൊന്നും സ്വീകരിക്കാൻ നിവൃത്തിയില്ല.

Mr. Speaker : Do you press your amendment?

Shri P. Ravindran : I am not pressing.

Amendment No. 4 moved by Shri P. Ravindran was, by leave, withdrawn.

Amendment No. 5 moved by Shri P. Ravindran was, by leave withdrawn.

Amendment No. 6 moved by Shri P. Ravindran was, by leave, withdrawn.

Form 1

ശ്രീ. പി. രവീന്ദ്രൻ : സർ, ഞാൻ എന്റെ ഏഴാമത്തേതും, എട്ടാമത്തേതും ഭേദഗതികളും അവതരിപ്പിച്ചുകൊള്ളുന്നു :

7. In Form I, delete 'Water Supply Department' in para 2 and substitute 'Public Health Engineering Department.'

8. In form I, delete 'Water Supply Department' in para 2 and insert 'Public Health Engineering Department'.

ഞാൻ ഇതിന്റെ ഫാം വായിച്ചുനോക്കിയപ്പോൾ, എനിക്കുണ്ടായ സംശയം കൊണ്ടാണു് ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിച്ചതു്. ഇതിനകത്തു്,

'....making the necessary connection being estimated for and carried out by the Water Supply Department.....'

എന്നു കാണുന്നുണ്ടു്. ഇതിൽനിന്നും വാട്ടർസപ്ലൈ ഡിപ്പാർട്ടുമെന്റു എന്നുള്ളതു് മാറ്റിയിട്ടു് പബ്ലിക്കു് ഹെൽത്തു് ഇൻജിനീയറിംഗു് ഡിപ്പാർട്ടുമെന്റു് എന്നാക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. പല പ്രസിദ്ധീകരണത്തിലും പബ്ലിക്കു് ഹെൽത്തു് ഇൻജിനീയറിംഗു് ഡിപ്പാർട്ടുമെന്റാണു് എന്നാണു കാണുന്നതു്. ഈ രൂളിൽ തന്നെ പല ഭാഗവും വായിച്ചുനോക്കിയാൽ ഈ വാട്ടർസപ്ലൈ സ്കീം എന്നുള്ളതു് എന്താണെന്നു് എനിക്കു് മനസ്സിലായില്ല. രൂം ആറിൽ പബ്ലിക്കു് ഹെൽത്തു് ഇൻജിനീയറിംഗു് ഡിപ്പാർട്ടുമെന്റു് എന്നാണു് പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് വാട്ടർ സപ്ലൈ ഡിപ്പാർട്ടുമെന്റു എന്നുള്ളതു് മാറ്റിയിട്ടു് പബ്ലിക്കു് ഹെൽത്തു് ഇൻജിനീയറിംഗു് ഡിപ്പാർട്ടുമെന്റു് എന്നാക്കണമെന്നാണു് എന്റെ ഭേദഗതി. അതു് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ : ശ്രീ. രവീന്ദ്രന്റെ ഏഴും, എട്ടും ഭേദഗതികളുടെ ആവശ്യമില്ല. കാരണം വാട്ടർസപ്ലൈ ഡിപ്പാർട്ടുമെന്റു എന്നു പറയുന്നതു് പബ്ലിക്കു് ഹെൽത്തു ഇൻജിനീയറിംഗു് ഡിപ്പാർട്ടുമെന്റിന്റെ ഒരു ബ്രാഞ്ചാണു്.

ശ്രീ. പി. രവീന്ദ്രൻ : അങ്ങനെയൊരു ഡിപ്പാർട്ടുമെന്റുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : വാട്ടർസപ്ലൈ ഡിപ്പാർട്ടുമെന്റു എന്നുള്ളതു് പബ്ലിക്കു് ഹെൽത്തു് ഇൻജിനീയറിംഗു് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Do you press your amendments ?

Shri P. Ravindran : No.

Amendment No. 7 moved by Shri P. Ravindran was by leave, withdrawn.

Amendment No. 8 moved by Shri P. Ravindran was, by leave, withdrawn.

The Kerala Panchayats (Election of President and Vice President) Rules, 1963.

(*Notification G. O. M. S.* 660/63 *D. D. dt.* 14*th August* 1963.)

Rule 5

ശ്രീ. പി. രവീന്ദ്രൻ : സർ, ഞാൻ റൂം അഞ്ചിനു കൊടുത്തിട്ടുള്ള ഭേദഗതി അവതരിപ്പിക്കുന്നു:—

1. In Rule 5 delete the words 'and seconded', in the heading of the rule and also delete the words "and seconded by another"in the first sentence and the words 'and seconded' in the second sentence.

റൂം അഞ്ചിൽ പ്രസിഡണ്ടായോ വൈസ്പ്രസിഡണ്ടായോ തിരഞ്ഞെടുക്കപ്പെടുന്ന ആളിന്റെ പേർ ഒരു മെമ്പർ നിർദ്ദേശിക്കുകയും മറെറാരു മെമ്പർ അതിനെ പിൻതാങ്ങുകയും ചെയ്യണമെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഞാൻ ഇങ്ങനെ ഒരു ഭേദഗതി അവതരിപ്പിക്കാനുള്ള കാരണം മെമ്പറന്മാരെ ഇലക്ട് ചെയ്യുമ്പോഴും നമ്മുടെ പുതിയ റൂം അനുസരിച്ചു് പ്രൊപ്പോസൽ ചെയ്താൽ മതിയെന്നാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. നോമിനേഷൻ പേപ്പർ കൊടുക്കുമ്പോഴും അതിൽ തിരഞ്ഞെടുക്കുന്ന ആളിന്റെ പേരു് മാത്രം എഴുതി കൊടുത്താൽ മതിയെന്നുണ്ടു്, പിൻതാങ്ങണമെന്ന വ്യവസ്ഥയില്ല. അതുകൊണ്ടു് പ്രസിഡണ്ടിനേയോ വൈസ്പ്രസിഡണ്ടിനേയോ തിരഞ്ഞെടുക്കുന്ന അവസരത്തിലും ഒരാൾ പിൻതാങ്ങേണ്ട ആവശ്യമില്ലെന്നുള്ളതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഇതു് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഇതു് അത്ര കാര്യമായിട്ടുള്ള ഒരു ഭേദഗതിയല്ല. പ്രസിഡണ്ടിന്റേയും വൈസ് പ്രസിഡണ്ടിന്റേയും പേരു് നിർദ്ദേശിക്കുമ്പോഴും വേറൊരു മെമ്പർ അതിനെ സെക്കന്റു ചെയ്യുവെന്നു വിചാരിച്ചു് ഒരു ദോഷവും വരാനില്ല. ഈ ഭേദഗതി സ്വീകരിക്കുന്നില്ല.

Mr. Speaker : Do you press the amendment ?

Shri P. Ravindran : No, Sir.

Amendment No. 1 moved by Shri P. Ravindran was, by leave, withdrawn.

Rule 8

ശ്രീ. പി. രവീന്ദ്രൻ : സർ, റൂം എട്ടിൽ കൊടുത്തിട്ടുള്ള എന്റെ രണ്ടാമത്തെ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണു് :—

2. Delete Rule 8 and renumber.

പ്രസിഡണ്ടായി തിരഞ്ഞെടുക്കുന്നതിനു് സ്ഥാനാർത്ഥിയായി നിൽക്കുന്ന ആളിനു് വോട്ടവകാശം ഉണ്ടായിരിക്കുകയില്ലെന്നാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. റൂം എട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly